(30) കർണ്ണാടകയിലെ അനധികൃത നഴ്സിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന മലയാളിവിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. രാജു എബ്രഹാം : കർണ്ണാടകയിൽ പഠിക്കുന്ന 318 നേഴ്സിംഗ് കോളേജുകളിലെ 70,000-ത്തോളംവരുന്ന വിദ്യാർത്ഥികൾ പ്രതിസന്ധിയിലാണ്. അവിടെ ഐ. എൻ. സി. അംഗീകാരം പോയി. അതിൽ 63,000 കുട്ടികളും മലയാളി കുട്ടികളാണ്. ഇവിടത്തെ കൺസൾട്ടൻസി സ്ഥാപനങ്ങളാണ് ഇവർക്ക് അവിടെ പ്രവേശനം നേടിക്കൊടുത്തിരിക്കുന്നത്. കേരള സർക്കാരിന്റെ പ്രശ്നമല്ല. പക്ഷേ, കർണ്ണാടകത്തിൽ പഠിക്കുന്ന 63,000 നഴ്സിംഗ് കുട്ടികളുടെ പ്രശ്നമാണ്. അതുകൊണ്ട് കർണ്ണാടക ഗവൺമെന്റുമായിട്ടും ഐ.എൻ.സി.യുമായിട്ടും അടിയന്തിരമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണം. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിലേക്ക് കുട്ടികളെ റിക്രൂട്ട് ചെയ്യുന്നത് നിയന്ത്രിക്കാൻ ഇപ്പോൾ ആവശ്യമായ നിയമമില്ല. കേരള ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയില്ല. കേരള ഗവൺമെന്റിന് ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾ ഇന്നയിന്ന വിദ്യാലയങ്ങളാണ് എന്ന് കേരളത്തിലെ കുട്ടികളെ അറിയിക്കാനുള്ള നടപടി സ്വീകരിക്കുന്നതിൽക്കവിഞ്ഞ് മറ്റൊന്നും ചെയ്യാൻ കഴിയില്ല. ഇന്ന് കർണ്ണാടകയിലായാലും ശരി, മറ്റ് സംസ്ഥാനങ്ങളിലായാലും ശരി, ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള നഴ്സിംഗ് കോളേജുകളും നഴ്സിംഗ് സ്കൂളുകളും ഇന്നതു മാത്രമാണെന്ന് ബന്ധപ്പെട്ട കുട്ടികളെ അറിയിക്കുകയാണ് കേരള ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. അതിന് ആവശ്യമായ നിർദ്ദേശങ്ങൾ കേരള നഴ്സിംഗ് കൗൺസിലിന് കൊടുത്തുകഴിഞ്ഞു. വളരെ താമസിക്കാതെതന്നെ പത്രങ്ങളിൽ വിവിധ സംസ്ഥാനങ്ങളിൽ അംഗീകാരമുള്ള നഴ്സിംഗ് കോളേജുകളും സ്കൂളുകളും ഇന്നതു മാത്രമാണെന്നുള്ള പരസ്യങ്ങൾ കൊടുക്കും. അതേ അവസരത്തിൽത്തന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞമാതിരി കർണ്ണാടക ഗവൺമെന്റുമായും ബന്ധപ്പെട്ട വകുപ്പു മന്ത്രിയുമായും ചർച്ച ചെയ്ത് ഇക്കാര്യങ്ങളിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കാം. സാധാരണനിലയിൽ ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനും അംഗീകാരമില്ലാത്ത കോളേജുകളിൽ പോയി അവർ വഞ്ചിക്കപ്പെടാതിരിക്കുന്നതിനും ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതിന് പരിമിതിയുണ്ട്. ആ പരിമിതിക്കകത്തുനിന്നുകൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly.